## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1409      04-02-2019 -ൽ മറുപടിക്ക്

### കേരളത്തിന്റെ പുനർ നിർമ്മാണത്തിനുള്ള സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയക്കെടുതിയിൽപ്പെട്ട സംസ്ഥാനത്തെ സഹായിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | എ) | 2018 -ലെ പ്രളയത്തെ തുടർന്ന് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2904.85 കോടി രൂപയുടെ അധിക സഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ വിദേശ സഹായം സ്വീകരിക്കരുതെന്ന നയം നിലവിലുള്ള കേന്ദ്ര സർക്കാർ കൊണ്ടുവന്നതാണോയെന്ന് വ്യക്തമാക്കുമോ; | ബി) | ഇത്തരം ഒരു നയം ഉള്ളതായി അറിവില്ല. ദേശീയ ദുരന്തലഘൂകരണ ആസൂത്രണ രേഖയിൽ ചാപ്റ്റർ 9.2 Accepting Foreign Assistance ൽ പ്രതിബാധിക്കുന്നത് "As a matter of policy, the Government of India does not issue any appeal for foreign assistance in the wake of a disaster. However, if the national government of another country voluntarily offers assistance as a goodwill gesture in solidarity with the disaster victims, the Central Government may accept the offer. The Ministry of Home Affairs, Government of India is required to coordinate with the Ministry of External Affairs, Government of India, which is primarily responsible for reviewing foreign offers of assistance and channelizing the same. In consultation with the concerned |

| | | | |
|---|---|---|---|
| | | | StateGovernment, the MHA will assess the response requirements that the foreign teams can provide" എന്നാണ്. |
| സി) | പ്രളയക്കെടുതിയിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിന്മേലുള്ള പ്രതികരണം അറിയിക്കാമോ; | സി) | ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ ധനസഹായമാണ്.<br>ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ഈ ആവശ്യം പരിഗണിച്ച് 2904.85 കോടി രൂപയുടെ അധിക സഹായം ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | കേരളത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്മേലുള്ള പ്രതികരണം വിശദമാക്കാമോ? | ഡി) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം സംസ്ഥാന കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത് 5616 കോടി രൂപയുടെ ധനസഹായമാണ്. കൂടാതെ 5000 കോടി രൂപയുടെ പാക്കേജും പ്രത്യേക ധനസഹായമായി ആവശ്യപ്പെട്ടിരുന്നു. പാക്കേജിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ